പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2649 — 06.02.2018-ൽ മറുപടിയ്ക്ക്

## ആദിവാസികൾക്കെതിരെയുള്ള കേസുകൾ

| ചോദ്യം<br>ശ്രീ. കെ.എസ്.ശബരീനാഥൻ | | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആദിവാസികൾക്ക് ഭവന നിർമ്മാണത്തിനായി വനപ്രദേശത്തെ മരങ്ങൾ മുറിച്ച് ഉപയോഗിക്കാമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഉണ്ട്. ആദിവാസികൾക്ക് ഭവന നിർമ്മാണത്തിനായി അവർ കൈ വശം വച്ചു വരുന്ന വനഭൂമിയിലെ മരങ്ങൾ മുറിച്ച് ഉപയോഗിക്കാൻ അനുമതി നൽകി കൊണ്ടുള്ള സർക്കാർ ഉത്തരവുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ആദിവാസികൾക്ക് കെട്ടുറപ്പുള്ള ഭവനങ്ങൾ നിർമ്മിക്കുന്നതിനായി വനപ്രദേശങ്ങളിൽനിന്നു തന്നെ കെട്ടിടസാമഗ്രികൾ കണ്ടെത്താം എന്ന സർക്കാർ ഉത്തരവ് നിലനിൽക്കെ വനം വകുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത ആവശ്യത്തിനായി മരം മുറിക്കുന്ന ആദിവാസികൾക്ക് എതിരെ കേസ് എടുക്കുന്നതും പിഴ ഈടാക്കുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി ആദിവാസികൾ മരം മുറിക്കുന്നതിനെതിരെ കേസുകളൊന്നും എടുത്തിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (സി) | അരുവിക്കര നിയോജക മണ്ഡലത്തിലെ ഫോറസ്റ്റ് റെയ്ഞ്ചുകളിൽ ഇത്തരത്തിലുള്ള കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഭവന നിർമ്മാണത്തിനായി മാത്രം നിയമ പ്രകാരം മരം മുറിച്ചവർക്കെതിരെയുള്ള കേസുകളോ വസൂലാക്കിയ പിഴയോ പുന:പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | അരുവിക്കര നിയോജക മണ്ഡലത്തിലെ ഫോറസ്റ്റ് റെയിഞ്ചുകളിൽ ഇത്തരത്തിലുള്ള കേസുകൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - പട്ടിക വർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കുന്ന എല്ലാ പദ്ധതികളേയും ഉൾപ്പെടുത്തി 06.11.2010-ലെ സ.ഉ.(എം.എസ്.)78/2010/വനം നമ്പർ ഉത്തരവു ഭേദഗതി വരുത്തിയും പട്ടിക വർഗ്ഗക്കാർക്ക് വനാവകാശ നിയമം അനുസരിച്ച് ലഭ്യമായതും അല്ലാതെയുമുള്ള കൈവശ ഭൂമിയിൽ അവർ നട്ടുപിടിപ്പിച്ച വൃക്ഷങ്ങൾ വീടു പണിയ്ക്കായി ഉപയോഗിക്കുന്നതിന് അനുമതി നൽകിയും ഉത്തരവു പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ. (എം.എസ്.)നം.42/2015/വനം തീയതി, തിരുവനന്തപുരം, 08.06.2015.

പരാമർശം : 1. 21.03.1996-ലെ സ.ഉ.(എം.എസ്.)28/96/വനം നമ്പർ ഉത്തരവ്.

2. 26.11.2009-ലെ സ.ഉ.(എം.എസ്.)52/2009/വനം നമ്പർ ഉത്തരവ്.

3. 06.11.2010-ലെ സ.ഉ.(എം.എസ്.)78/2010/വനം നമ്പർ ഉത്തരവ്

4. സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 01.03.2013-ലെ ഡബ്ല്യു(5)-7378/2009 നമ്പർ കത്ത്.

5. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (E&TW)-ന്റെ 06.11.2014-ലെ E&TW2-1246/2007 നമ്പർ കത്ത്.

ഉത്തരവ്

ഇ.എം.എസ്. ഭവന പദ്ധതി, എം.എൻ ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി, വനാവകാശ നിയമം 2006 എന്നിവയുടെ പരിധിയിൽ വരുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി വനംവകുപ്പിൽ നിന്നും ഉപാധികളോടെ തടി അനുവദിച്ചു കൊണ്ട് പരാമർശം രണ്ട് പ്രകാരം ഉത്തരവായിരുന്നു. ഇന്ദിര ആവാസ് യോജന പദ്ധതിയടക്കമുള്ള സർക്കാർ ആവിഷ്ക്കൃത പദ്ധതികളുടെ ഗുണഭോക്താക്കളെയും ആദിവാസികളെക്കൂടി പരിധിയിൽ ഉൾപ്പെടുത്തി മേൽ ഉത്തരവ് പരാമർശം **മൂന്നു പ്രകാരം ഭേദഗതി വരുത്തിയിരുന്നു**

എന്നാൽ ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനായി സർക്കാർ പ്രഖ്യാപിക്കുന്ന /അനുവദിക്കുന്ന എല്ലാ പദ്ധതികളെയും ഉൾപ്പെടുത്തി 06.11.2010-ലെ ഉത്തരവ് ഭേദഗതി വരുത്തുന്നത് ഉചിതമായിരിക്കുമെന്ന് സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് പരാമർശം നാലിലെ കത്തു പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

2) കൂടാതെ സംസ്ഥാനത്ത് ആദിവാസി മേഖല പൊതുവിൽ നേരിടുന്നപ്രശ്നങ്ങൾ ചർച്ച ചെയ്യുവാൻ ബഹു. മുഖ്യമന്ത്രി 14.10.2014 -ന് വിളിച്ചു ചേർത്ത വിവിധ ആദിവാസി സംഘടനകളുടെ യോഗത്തിൽ സർക്കാരിന്റെ വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ ഗുണഭോക്താക്കളായ ആദിവാസികൾക്ക് അവരുടെ കൈവശ ഭൂമിയിൽ നിന്ന് മരം മുറിക്കുവാൻ വനം വകുപ്പ് അനുവദിക്കുന്നില്ലെന്നും പരാതിപ്പെട്ടിരുന്നു. സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് 2006-ലെ വനാവകാശ നിയമം അനുസരിച്ചു ലഭ്യമായതും അല്ലാതെയുമുള്ള കൈവശ ഭൂമിയിൽ അവർ നട്ടു വളർത്തിയതായ പ്ലാവ്, ആഞ്ഞിലി, മരുതി, ചടച്ചി, ഇരുൾ തുടങ്ങിയ വൃക്ഷങ്ങൾ പട്ടികവർഗ്ഗക്കാർക്കു വീടു പണിയ്ക്കായി 1.5cum തടി മുറിച്ചെടുക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്(ഇ&റ്റി.ഡബ്ലിയു.) പരാമർശം (5)-ലെ കത്തുപ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

3) സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

(a) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതികൾ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേനയുള്ള ഇന്ദിര ആവാസ് യോജന തുടങ്ങി പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്ന എല്ലാ പദ്ധതികളെയും കൂടി പരാമർശം മൂന്നിലെ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു. മേൽ ഭേദഗതിയോടെ പ്രസ്തുത ഉത്തരവ് നിലനിൽക്കുന്നതാണ്.

(b) സംസ്ഥാനത്തെ സർക്കാർ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം ലഭിക്കുന്ന പട്ടിക വർഗ്ഗക്കാർക്കു വനാവകാശനിയമം അനുസരിച്ച് ലഭ്യമായതും അല്ലാതെയുമുള്ള കൈവശ ഭൂമിയിൽ വീടു പണിയ്ക്കായി അവർ നട്ടു

പിടിപ്പിച്ച പ്ലാവ്, ആഞ്ഞിലി, മരുതി, ചടച്ചി, ഇരുൾ എന്നീ വൃക്ഷങ്ങളിൽ നിന്നും 1.5 cum തടി ബന്ധപ്പെട്ട വനം വകുപ്പ് റേഞ്ച് ഓഫീസറുടെ അനുമതിയോടെ മുറിച്ചെടുത്ത് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
[illegible]
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഇ& റ്റി.ഡബ്ല്യു.), തിരുവനന്തപുരം.
ജനറൽ അഡ്മിനിസ്ട്രേഷൻ(എസ്.സി.) വകുപ്പ്. ((vide item No. 6832)
പട്ടികജാതി പട്ടികവർഗ്ഗ (ഡി) വകുപ്പ് (vide File No.24205/D2/14/പജപവവ)
ധനകാര്യ (അഗ്രി) വകുപ്പ് (vide File No. 48022/Agri.A1/14/Fin)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- വനം വകുപ്പു മന്ത്രിയുടെ പി.എസ്.-ന്
പട്ടികവർഗ്ഗ ക്ഷേമ വകുപ്പു മന്ത്രിയുടെ പി.എസ്.-ന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്.

സെക്ഷൻ ഓഫീസർ.

Email-dfo.tvm.for@kerala.gov.in

File No.FWLD-B1/62/2017-FWLD

കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ് - ഗിരിജൻ സെറ്റിൽമെന്റിൽ നിന്നും ആഞ്ഞിലിയും പ്ലാവും മുറിക്കുന്ന ഗിരിജനങ്ങൾക്ക് അനുമതി നൽകിയ ഉത്തരവ് റദ്ദാക്കിക്കൊണ്ട് മാർഗ്ഗനിർദ്ദേശങ്ങളുൾപ്പെടെ പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ബി) വകുപ്പ്,

സ.ഉ.(കൈ)നം.(കൈ)/28/2017/വനം    തിരുവനന്തപുരം,തീയതി,27/05/2017

പരാമർശം:- 1) 15.03.1993-ലെ സ.ഉ(എം.എസ്)നം.23/93/വനം നമ്പർ ഉത്തരവ്

2) 19.05.1993-ലെ സ.ഉ(എം.എസ്)നം. 36/96/വനം നമ്പർ ഉത്തരവ്

3) 27.05.2015-ലെ സ.ഉ(എം.എസ്) നം.40/2015/വനം നമ്പർ ഉത്തരവ്

4) 09.07.2015-ലെ സ.ഉ(എം.എസ്)നം.49/2015/വനം നമ്പർ ഉത്തരവ്

5) 15.12.2015-ലെ സ.ഉ(എം.എസ്)നം.103/2015/വനം നമ്പർ ഉത്തരവ്

6) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്,ലാന്റ് ആന്റ് റിസോഴ്സ്) ന്റെ 20.05.2016 ,07.10.2016, 25.03.2017, 05.05.2017 തീയതികളിലെ പ്രൊ(5)-37617/15 നമ്പർ കത്തുകൾ.

7) അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, കേരളയുടെ 06/9/2016,09.02.2017 തീയതികളിലെ AAG-RT/WP(C) 28274/2016 നമ്പർ കത്ത്.

8) 08.02.2017 ന് ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ നടപടികുറിപ്പ്

### ഉത്തരവ്

വനഭൂമിയിൽ നിലവിൽ പട്ടയം ലഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ പട്ടയക്കാർക്കും ഗിരിജൻ സെറ്റിൽമെന്റുകളിൽ വസിക്കുന്ന ഗിരിജനങ്ങൾക്കും 1 1 ഇനങ്ങളിൽപ്പെട്ട മരങ്ങൾ (മാവ്, പ്ലാവ്, അമ്പഴം, പുളി, നെല്ലി, കൊടംപുളി, മട്ടി, മുരിക്ക്, അൽബീസിയ, സിൽവർ ഓക്ക്, ആഞ്ഞിലി) മുറിച്ചെടുത്ത് ഉപയോഗിക്കുവാൻ പരാമർശം (1) പ്രകാരം അനുവാദം നൽകിയിരുന്നു. എന്നാൽ മേൽ ഉത്തരവ് വ്യാപകമായ തോതിൽ ദുരുപയോഗപ്പെടുത്തി വരുന്നതായി നാനാ ഭാഗങ്ങളിൽ നിന്നും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 'പ്ലാവും ആഞ്ഞിലിയും മുറിക്കുന്നതിനുള്ള അനുമതി പരാമർശം (2) പ്രകാരം നിർത്തലാക്കുകയുണ്ടായി. പട്ടയഭൂമിയിൽനിന്നും, കൈവശഭൂമിയിൽ നിന്നും മരം മുറിക്കുന്നത് സംബന്ധിച്ച് വിവിധ മേഖലകളിൽ നിന്നും പരാതി ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ പരാമർശം ( 2 ) ലെ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി പട്ടയഭൂമിയിൽ നിൽക്കുന്ന പ്ലാവ്, ആഞ്ഞിലി മരങ്ങൾ റവന്യൂ വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് വിധേയമായി മുറിച്ച് മാറ്റുന്നതിന് പരാമർശം

(3)പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. വനം, റവന്യൂ ഉദ്യോഗസ്ഥരുടെ അനുമതിക്കു വിധേയമായി എന്ന പരാമർശം (3)-ലെ നിബന്ധന ഒഴിവാക്കി പട്ടയഭൂമിയിൽ നിന്ന് പ്ലാവും ആഞ്ഞിലിയും മുറിക്കുവാൻ പരാമർശം ( 4 ) പ്രകാരം അനുമതി നൽകി ഉത്തരവായി. പട്ടയഭൂമിയിൽ നിൽക്കുന്ന പ്ലാവ്, ആഞ്ഞിലി എന്നീ വൃക്ഷങ്ങൾ മുറിക്കുന്നതിന് അനുമതി നൽകിയതുപോലെ ഗിരിജൻ സെറ്റിൽമെന്റുകളിൽ നിൽക്കുന്ന പ്ലാവ്, ആഞ്ഞിലി എന്നീ വൃക്ഷങ്ങൾ മുറിക്കുന്നതിന് ഗിരിജൻ സെറ്റിൽമെന്റുകളിലുള്ള ഗിരിജനങ്ങൾക്കും കൂടി 'റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ അനുമതിക്കു വിധേയമായി' എന്ന നിബന്ധനയില്ലാതെ പരാമർശം (5) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

2) പരാമർശം (5)ലെ ഉത്തരവിൽ 'വനം വകുപ്പിലെ ഏത് തലത്തിലുള്ള ഉദ്യോഗസ്ഥന്റെ അനുമതിയാണ് ഗിരിജൻ സെറ്റിൽമെന്റുകളിൽ നിൽക്കുന്ന പ്ലാവ്, ആഞ്ഞിലി എന്നീ വൃക്ഷങ്ങൾ മുറിക്കുന്നതിന് ആവശ്യമെന്ന് പരാമർശിച്ചിട്ടില്ല. ആയതിനാൽ ടി ഉത്തരവ് അനുസരിച്ച് മരങ്ങൾ മുറിക്കുവാൻ സാധിക്കുന്നില്ല എന്ന് കാണിച്ച് നിരവധി പരാതികൾ ലഭ്യമായികൊണ്ടിരിക്കുകയും ,ടി പരാതികളിന്മേൽ നടപടി സ്വീകരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത് എന്നും ആയതിനാൽ ആദിവാസി ഭൂമിയിലെ പ്ലാവ്, ആഞ്ഞിലി എന്നീ വൃക്ഷങ്ങൾ മുറിക്കുന്നതിന് അനുവാദം നൽകാനുള്ള ഓതറൈസ്ഡ് ഓഫിസറായി അതാത് റെയ്ഞ്ച് ഫോറസ്റ്റ് ഓഫിസറെ ചുമതലപ്പെടുത്തിക്കൊണ്ട് ടി ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകണമെന്ന് പരാമർശം (5) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്,ലാന്റ്& റിസോഴ്സ്) ആവശ്യപ്പെട്ടിരുന്നു.

3) പരാമർശം (5)ലെ ഉത്തരവ് പുറപ്പെടുവിച്ചശേഷം ഗിരിജൻ സെറ്റിൽമെന്റ് കോളനിയിൽ താമസിക്കുന്ന പട്ടിക വർഗ്ഗ വിഭാഗക്കാർ തങ്ങൾക്ക് Scheduled Tribe and other Traditional Forest dwellers (Recognition of Forest Tribes) Rules 2007 അനുസരിച്ച് title deed ലഭിച്ചവരാണെന്നും ആയതിനാൽ 15.12.2015-ലെ പ്രസ്തുത ഉത്തരവിന്റെ നേട്ടം അവർക്കുംകൂടി ലഭിക്കണമെന്നാവശ്യപ്പെട്ട് റിട്ട് പെറ്റീഷനുകൾ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യുന്നു എന്നും Scheduled Tribe Act Section 2(d) പ്രകാരം വനഭൂമി എന്ന നിർവ്വചനത്തിൽ വനത്തിനകത്തെ എല്ലാ ഭൂവിഭാഗവും ഉൾപ്പെടുന്നു ആയതിനാൽ നിയന്ത്രണങ്ങളില്ലാതെ മരം മുറിക്കുന്നതിന് അനുവാദം നൽകുന്നത് റിസർവ് വനങ്ങൾ, സാങ്ച്വറികൾ, സംരക്ഷിത വനങ്ങൾ എന്നിവ ഉൾപ്പെടുന്ന വനഭൂമിക്ക് ഭീഷണിയാകുന്നു എന്നും പ്രസ്തുത ആക്ടിലെ വകുപ്പ് 5 പ്രകാരം ഭൂമി കൈവശാവകാശം ലഭിച്ച ആദിവാസികൾ വനം, വന്യജീവികളെയും, ആവാസ വ്യവസ്ഥയെയും സംരക്ഷിക്കേണ്ടവരാണ് എന്നും ആയതിനാൽ മരങ്ങൾ മുറിച്ച്

മാറ്റാനിന് അനുമതി നൽകുന്നത് വളരെ സൂക്ഷ്മതയോടുകൂടി ആയിരിക്കേണ്ടതാണ് എന്നും പരാമർശം (5)-ലെ ഉത്തരവ് പ്രകാരം ഗിരിജൻ സെറ്റിൽമെന്റുകളിൽ നിൽക്കുന്ന പ്ലാവ്, ആഞ്ഞിലി എന്നീ വൃക്ഷങ്ങൾ മുറിക്കുന്നതിന് നൽകിയ അനുമതി Forest Conservation Act 1980, Section 2-ന്റെ ലംഘനമായതിനാൽ ടി ഉത്തരവ് റദ്ദാക്കണമെന്നും അഡീഷണൽ അഡ്വക്കേറ്റ് ജനറൽ പരാമർശം ( 7 ) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

4) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സ്) ന്റെ ശുപാർശ, അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ റിപ്പോർട്ട്, പരാമർശം (8)-ലെ യോഗ നടപടികുറിപ്പുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരാമർശം (5)-ലെ സർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ടും താഴെ പറയുന്ന നിബന്ധനകളുടെയും മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ഗിരിജൻ സെറ്റിൽമെന്റിൽ നിൽക്കുന്ന ആഞ്ഞിലി, പ്ലാവ് എന്നീ വൃക്ഷങ്ങൾ മുറിക്കുന്നതിന് ഗിരിജൻ സെറ്റിൽമെന്റിലെ ഗിരിജനങ്ങൾക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു. വനം വകുപ്പിലെ അതാത് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ മേൽപ്രകാരം അനുമതി നൽകുന്നതിനുള്ള അധികാരപ്പെട്ട വനപാലകനായി ചുമതലപ്പെടുത്തുന്നു.

നിബന്ധന

1 വീട്ടാവശ്യത്തിന് മരം മുറിക്കാം, എന്നാൽ മരം മുറിച്ച് പുറത്ത് കൊണ്ടുപോകാൻ പാടില്ല. സ്വന്തം ഗൃഹനിർമ്മാണത്തിനായല്ലാതെ മറ്റ് ആവശ്യങ്ങൾക്കായി (മക്കളുടെ വിവാഹം, ചികിത്സാ ആവശ്യാർത്ഥം) മരം മുറിക്കേണ്ട അടിയന്തിര സാഹചര്യം വന്നാൽ മാർഗ്ഗ നിർദ്ദേശം 7 പ്രകാരം തീരുമാനം കൈക്കൊള്ളേണ്ടതാണ്.

2. അധികാരപ്പെട്ട വനപാലകന്റെ അനുമതിയോടുകൂടി മരം മുറിക്കേണ്ടതാണ്.

3. വ്യാവസായികാവശ്യത്തിന് മരം മുറിക്കാൻ പാടില്ല.

മാർഗ്ഗ നിർദ്ദേശങ്ങൾ

1. മരം മുറിയ്ക്കുന്നതിന് കൈവശരേഖയിൽ പറഞ്ഞിട്ടുള്ള വ്യക്തിതന്നെ അപേക്ഷിക്കേണ്ടതാണ്.
2. വ്യക്തമായ കൈവശരേഖയുള്ള കൈവശ വനഭൂമിയിൽ, ഉണങ്ങിയതോ, കേടുപാടുബാധിച്ചതോ, ജീവനും സ്വത്തിനും ഭീഷണിയായതോ ആയ അവസ്ഥയിൽ നിൽക്കുന്ന പ്ലാവ്, ആഞ്ഞിലി മരങ്ങൾക്ക് പരിശോധനയ്ക്ക് ശേഷം അനുമതി നൽകാവുന്നതാണ്.
3. നെഞ്ചളവിൽ 75 സെ.മീറ്ററിന് താഴെ ചുറ്റളവുള്ള മരങ്ങൾ മുറിക്കുവാൻ

അനുവദിക്കുന്നതല്ല.

4. ഭവന നിർമ്മാണത്തിനാണ് അപേക്ഷിക്കുന്നതെങ്കിൽ അപേക്ഷയോടൊപ്പം ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നുള്ള ബിൽഡിംഗ് പെർമിറ്റിന്റെ പകർപ്പ് കൂടി സമർപ്പിക്കേണ്ടതാണ്.

5. മരം മുറിയുമായി ബന്ധപ്പെട്ട ദുരുപയോഗം തടയുന്നതിനായി മുറിക്കപ്പെടുന്ന തടിയിൽ ബന്ധപ്പെട്ട റെയിഞ്ചിന്റെ ഹാമർ മാർക്ക് പതിപ്പിക്കേണ്ടതാണ്.

6. നെഞ്ചുയരത്തിൽ 200 സെ.മീ. മുകളിൽ വണ്ണം വരുന്ന ആഞ്ഞിലി, പ്ലാവ് മരങ്ങളെ സ്വാഭാവികമായി വളർന്ന് വന്നവയും, പൂർണ്ണവളർച്ച എത്തിയവയായും കണക്കാക്കാവുന്നതാണ്. ഇത്തരം മരങ്ങൾ മുറിക്കുന്നതിനുള്ള അപേക്ഷ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിലേയ്ക്കായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | ടെറിട്ടോറിയൽ | ചെയർമാൻ |
| റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | സാമൂഹിക വനവത്കരണ വിഭാഗം | മെമ്പർ |
| ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | ഫ്ളയിംഗ് സ്ക്വാഡ് | മെമ്പർ |
| ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | ടെറിട്ടോറിയൽ | മെമ്പർ |

7 സ്വന്തം ഗൃഹനിർമ്മാണത്തിനായല്ലാത്ത മറ്റ് ആവശ്യങ്ങൾക്കായി (മക്കളുടെ വിവാഹം, ചികിത്സാ ആവശ്യാർത്ഥം) മരം മുറിക്കേണ്ട അടിയന്തിര സാഹചര്യം വന്നാൽ മേൽ വിവരിച്ച കമ്മിറ്റി പരിശോധന നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

8 ഒരു സമയം പരമാവധി അനുവദിയ്ക്കാവുന്ന തടിയുടെ അളവ് ഒരു മരമോ 5M3, ഏതാണോ കൂടുതൽ, ആയി നിജപ്പെടുത്തേണ്ടതാണ്.

9 മരം മുറിയുമായി ബന്ധപ്പെട്ട് അപേക്ഷകന്റെ വിവരങ്ങളും തടിയുടെ ഇനവും അളവും ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ റെയിഞ്ച് തലത്തിലും സെക്ഷൻ തലത്തിലും സൂക്ഷിക്കേണ്ടതാണ്.

10.മുറിക്കുവാൻ അനുമതി നൽകപ്പെടുന്ന ഓരോ മരത്തിന് പകരം അതേ ഇനത്തിൽപ്പെട്ടതോ, അല്ലാത്തതോ ആയ രണ്ട് തൈകൾ നട്ട് വളർത്തി പരിപാലിക്കാമെന്നുള്ള സമ്മതപത്രം കൂടി അപേക്ഷകനിൽ നിന്നും വാങ്ങേണ്ടതാണ്.

ഇപ്രകാരം മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ടോ എന്ന് റെയിഞ്ച് ഓഫീസർമാർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

11.അപേക്ഷക/അപേക്ഷകൻ നിബന്ധനകൾക്ക് വിധേയമായി മാത്രം പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

12.ഒരു തവണ ഇത്തരത്തിൽ മരം മുറിക്കുവാൻ അനുമതി നൽകിയാൽ തുടർന്ന് അഞ്ച് വർഷത്തിനുശേഷം മാത്രമെ ഇതേ അപേക്ഷന്റെ അപേക്ഷ വീണ്ടും പരിഗണിക്കാവൂ.

13.ഇത്തരം അനുമതി പ്രകാരം മുറിക്കുന്ന മരങ്ങൾക്ക് ന്യായമായ വില ഗിരിജനങ്ങൾക്ക് ലഭിക്കുന്നു എന്ന് ഊരുകൂട്ടം വഴി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്. വിൽപന വില ചെക്കായി ബാങ്കിലേയ്ക്കോ, നേരിട്ടോ ലഭിക്കത്തക്കവിധം കരാറിലേർപ്പെടേണ്ടതും, സ്ഥലത്തു നിന്നും തടി നീക്കം ചെയ്യുമ്പോഴോ, അതിനു മുൻപോ മുഴുവൻ തുകയും കിട്ടിയതായി ബോധ്യപ്പെടേണ്ടതാണ്.

14.കൃഷിയ്ക്കും മറ്റ് പ്രവർത്തികൾക്കും വിഘാതമായി നൽക്കുന്ന മരങ്ങളാണെങ്കിൽ ആയവയ്ക്ക് Lopping അനുവദിയ്ക്കാവുന്നതാണ്. ഇത്തരം അനുവാദം മുറിപ്പാടിൽ വണ്ണം 30 സെ.മീ-നു താഴെയായി നിജപ്പെടുത്തേണ്ടതും, തായ്ത്തടി മുറിക്കാൻ അനുവദിക്കാനരുതാത്തതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പി.മാര പാണ്ഡ്യൻ ഐ.എ.എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വിജിലൻസ്),തിരുവനന്തപുരം.

അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം.

വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

പകർപ്പ്:- വനം വന്യ ജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ